# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.411 — 18.12.2014 ൽ മറുപടിയ്ക്ക്

### സപ്ലൈകോയിലെ അഴിമതിയും ക്രമക്കേടുകളും തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോയിൽ വ്യാപകമായി അഴിമതിയും ക്രമക്കേടുകളും നടക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരിശോധന നടത്താറുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ;<br><br>(ബി) അഴിമതിയും ക്രമക്കേടുകളും തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്താമോ ; | (എ) യും (ബി) യും സപ്ലൈകോയിൽ വ്യപകമായി അഴിമതിയും ക്രമക്കേടുകളും നടക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. അടുത്തകാലത്ത് സപ്ലൈകോയിലെ 2 ഡിപ്പോകളിൽ ക്രമക്കേടുകൾ നടന്നതായി വിവരം ലഭിച്ചിട്ടുണ്ട്.<br>ചേർത്തല ഡിപ്പോയിലും, ആലപ്പുഴ ഡിപ്പോയിലും നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് കുറ്റക്കാരായ രണ്ട് കസ്റ്റോഡിയന്മാരെ സസ്പെൻഡ് ചെയ്യുകയുണ്ടായി.<br><br>സപ്ലൈകോ വില്പനശാലകളിൽ പരിശോധനയ്ക്കായി ജൂനിയർ മാനേജർ (എം & ഐ) മാരെ ഡിപ്പോ തലത്തിൽ നിയമിച്ചിട്ടുണ്ട്. ഇവർ എല്ലാ മാസവും ശരാശരി 12 വിൽപ്പനശാലകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, നടപടികൾ സ്വീകരിക്കുന്നുണ്ട്. പരിശോധനകൾ ശക്തമാക്കിയാണ് സപ്ലൈകോയുടെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഇതുകൂടാതെ ഡിപ്പോകളിലെയും, വിൽപ്പനശാലകളിലെയും കണക്കുകൾ പരിശോധിക്കുന്നതിനായി ആഭ്യന്തര ആഡിറ്റർമാരെ ജില്ലാതലത്തിലെ ആഡിറ്റിനും ഐ.പി.എ.ഐ (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ആഡിറ്റേഴ്സ് ഓഫ് ഇന്ത്യ) ആഡിറ്റർമാരെ മേഖലാതലത്തിൽ ആഡിറ്റ് നടത്തുന്നതിനും നിയമിച്ചിട്ടുണ്ട്. ഐ.പി.എ.ഐ ആഡിറ്റർ മാരുടെ മേൽ നോട്ടത്തിൽ ഡിപ്പോയിലും, വിൽപ്പനശാലകളിലും മിന്നൽ സ്റ്റോക്ക് പരിശോധന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സപ്ലൈകോ കേന്ദ്രകാര്യാലയത്തിൽ വിജിലൻസ് ആഫീസറുടെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നു. അവർ സപ്ലൈകോയുടെ വിൽപ്പനശാലകളിലും, |

| | | | |
|---|---|---|---|
| | | | ഡിപ്പോകളിലും മിന്നൽ പരിശോധനകൾ നടത്തി അവയുടെ പ്രവർത്തനം വിലയിരുത്തുന്നു. ഈ പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ സസ്പെൻഷൻ നടപടികൾ ഉൾപ്പെടെയുള്ള ശക്തമായ ശിക്ഷാനടപടികൾ എടുത്തുവരുന്നു. മേഖലാ മാനേജർമാരും, അസിസ്റ്റന്റ് മേഖലാ മാനേജർമാരും, ഡിപ്പോ മാനേജർമാരും വിൽപ്പനശാലകളും, ഡിപ്പോകളും പരിശോധനയ്ക്ക് വിധേയമാക്കുകയും ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | സപ്ലൈകോയുടെ കീഴിൽ എത്ര സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്; ഇവിടങ്ങളിൽ പരിശോധന നടത്തുന്നതിന് വേണ്ടത്ര ഉദ്യോഗസ്ഥരില്ല എന്ന വസ്തുത അറിവുള്ളതാണോ ; | (സി) | സപ്ലൈകോയുടെ കീഴിൽ നിലവിൽ 1564 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനായി ജൂനിയർ മാനേജർ (എം & ഐ) മാരും എല്ലാ ജില്ലയിലും ഓഡിറ്റ് നടത്തുന്നതിനായി ആഭ്യന്തര വിഭാഗം ഓഡിറ്റ് ടീമും ഉണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ആഡിറ്റേഴ്സ് ഓഫ് ഇന്ത്യ യുടെ രണ്ടു പേരടങ്ങിയ 6 ടീം അഞ്ച് മേഖലാ ഓഫീസ് തലത്തിലും ഹെഡ്ഓഫീസിലുമായി നിലവിൽ ഉണ്ട്. |
| (ഡി) | സപ്ലൈകോയുടെ വിജിലൻസ് വിഭാഗത്തിൽ ഇതിന് മതിയായ ഉദ്യോഗസ്ഥരുണ്ടോ ; | (ഡി) | ഇല്ല. നിലവിലുള്ള വിജിലൻസ് വിഭാഗത്തെ ശക്തമാക്കുന്നുണ്ട്. |
| (ഇ) | വിജിലൻസ് വിഭാഗം നവീകരിക്കുന്നതിനും കൂടുതൽ തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള നിർദ്ദേശം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ; | (ഇ) യും (എഫ്) യും | ഉണ്ട്. വിജിലൻസ് വിഭാഗം നവീകരിക്കുന്നതിനായി രണ്ട് സർക്കിൾ ഇൻസ്പെക്ടർമാരുടെയും, നാല് സബ് ഇൻസ്പെക്ടർമാരുടെയും, പതിമൂന്ന് സീനിയർ സിവിൽ പോലീസ് ഓഫീസർമാരുടെയും, പതിനാറ് സിവിൽ പോലീസ് ഓഫീസർ, ഡ്രൈവർ എന്നിവരുടെയും തസ്തിക സൃഷ്ടിക്കുന്നതിനുള്ള സപ്ലൈകോ മാനേജിംഗ് ഡയറക്ടറുടെ ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (എഫ്) | പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് സാമ്പത്തിക പ്രതിസന്ധി വിഘാതമായി നില്ക്കുന്നുണ്ടോ ? | | |

Beena

സെക്ഷൻ ഓഫീസർ